**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1979** **14-10-2024 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ നിയമസഭാ സാമാജികരുടെ യോഗത്തിൽ ശ്രദ്ധപ്പെടുത്തിയ ആവശ്യങ്ങളിൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രി വിളിച്ച് ചേർത്ത എറണാകുളം ജില്ലയിലെ നിയമസഭാ സാമാജികരുടെ യോഗത്തിൽ അങ്കമാലി എം.എൽ.എ. ആഭ്യന്തരം, റവന്യൂ, പൊതുമരാമത്ത്, വ്യവസായം, ഗതാഗതം, തദ്ദേശ സ്വയംഭരണം, ഇറിഗേഷൻ എന്നീ വകുപ്പുകളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള ആവശ്യങ്ങളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടി വകുപ്പ് തിരിച്ച് വിശദമാക്കാമോ; ഇതിൽ ഏതൊക്കെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയതെന്ന് വിശദമാക്കാമോ; | (എ) | മുഖ്യമന്ത്രി നിയമസഭാ സാമാജികരുമായി നടത്തിയ യോഗങ്ങളിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങൾ ക്രോഡീകരിച്ചു വകുപ്പ തിരിച്ചുള്ള പരിശോധന ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ നിലവിൽ പ്രവൃത്തി ആരംഭിക്കുവാൻ വൈകുന്നതും പുരോഗമിച്ചുവരുന്നതുമായ 1127 പദ്ധതികൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചു വരുന്നു. ഇവയിൽ അങ്കമാലി നിയോജക മണ്ഡലത്തിൽ നിന്നുള്ള പദ്ധതികളും ഉൾപ്പെടുന്നു.<br><br>മറ്റു വിഷയങ്ങളിന്മേലുമുള്ള തുടർപ്രവർത്തനങ്ങൾക്ക് സമയപരിധി നിശ്ചയിക്കുന്ന തടക്കമുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. |
| (ബി) | പ്രസ്തുത വിഷയത്തിൽ ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരിശോധന എന്ന് പൂർത്തിയാകുമെന്നും അതിൽ തീരുമാനം അടിയന്തിരമായി ഉണ്ടാകുമോയെന്നും വകുപ്പ് തിരിച്ച് വിശദമാക്കാമോ? | (ബി) | മുഖ്യമന്ത്രി നിയമസഭാ സാമാജികരുമായി നടത്തിയ യോഗങ്ങളിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങൾ ക്രോഡീകരിച്ചു വകുപ്പ തിരിച്ചുള്ള പരിശോധന ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ നിലവിൽ പ്രവൃത്തി ആരംഭിക്കുവാൻ വൈകുന്നതും പുരോഗമിച്ചുവരുന്നതുമായ 1127 പദ്ധതികൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചു വരുന്നു. ഇവയിൽ അങ്കമാലി നിയോജക മണ്ഡലത്തിൽ നിന്നുള്ള പദ്ധതികളും ഉൾപ്പെടുന്നു.<br><br>മറ്റു വിഷയങ്ങളിന്മേലുമുള്ള തുടർപ്രവർത്തനങ്ങൾക്ക് സമയപരിധി നിശ്ചയിക്കുന്ന തടക്കമുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. |

സെക്ഷൻ ഓഫീസർ